**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3392** **08-10-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ യൂണിഫോം വിതരണത്തിന് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2022-2023, 2023-2024 എന്നീ അദ്ധ്യയന വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം വിതരണത്തിനുള്ള തുക സർക്കാർ നൽകിയിട്ടുണ്ടോ; ഇനി നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എ) | 2022 - 23, 2023 - 24 അദ്ധ്യയന വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം വിതരണത്തിനുള്ള അലവൻസ് തുക സർക്കാർ നൽകിയിട്ടുണ്ട്. 2022 - 23 അദ്ധ്യയന വർഷത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2023 - 24 അദ്ധ്യയന വർഷത്തിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുമാണ് സൗജന്യ യൂണിഫോമിന് സർക്കാർ അനുവദിച്ച് നൽകിയ തുക വിതരണം ചെയ്തിട്ടുള്ളത്. ബാക്കി നൽകാനുള്ള തുക സംബന്ധിച്ച പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.<br><br>കുട്ടികൾക്ക് അനുവദിച്ച് നൽകിയ യൂണിഫോം അലവൻസ് തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | വർഷം | |
|---|---|---|
| | 2022 - 23 (തുക രൂപയിൽ) | 2023- 24 (തുക രൂപയിൽ) |
| തിരുവനന്തപുരം | 8170800/- | 12361200/- |
| കൊല്ലം | 7169400/- | 15104400/- |
| പത്തനംതിട്ട | 2407800/- | 5337600/- |
| ആലപ്പുഴ | 5058600/- | 10666800/- |
| കോട്ടയം | 7744800/- | 13323600/- |
| ഇടുക്കി | 5145001/- | 7080000/- |
| എറണാകുളം | 11830200/- | 22176000/- |
| തൃശ്ശൂർ | 22201200/- | 28743600/- |
| പാലക്കാട് | 36422400/- | 33387600/- |
| മലപ്പുറം | 41494200/- | 67064400/- |
| കോഴിക്കോട് | 35035800/- | 42160800/- |
| വയനാട് | 8110800/- | 10087800/- |
| കണ്ണൂർ | 39649800/- | 46814400/- |
| കാസർഗോഡ് | 13413600/- | 16930200/- |